"ഭരണഭാഷ-മാതൃഭാഷ"

DWCD/5115/2024-ICDSB6

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം.
പൂജപ്പുര.തിരുവനന്തപുരം
തീയതി : 05-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**സർക്കുലർ**

വിഷയം:- വനിത ശിശുവികസന വകുപ്പ്- ബാലവാടിക്കായി സ്ഥലം വിട്ടു നൽകിയവരുടെ ആശ്രിത നിയമനം -സംബന്ധിച്ച്--

സൂചന:- 1. സ.ഉ (കൈ) നം 5/2025/WCDD തീയതി 29/1/2025

2 വനിതാ ശിശു വികസന ഡയറക്ടറുടെ 24/03/2025 ലെ DWCD/5115/2024 -ICDS B6 നം കത്ത്

3 27/05/2025 ലെ WCD-B2/317/2024-WCD നം സർക്കാർ കത്ത്

ഭൂമിദാന ആശ്രിത നിയമന പദ്ധതി പ്രകാരം ബാലവാടികൾക്കായി ഭൂമി വിട്ടു നൽകുകയും നിലവിൽ പ്രസ്തുത സ്ഥലത്ത് അങ്കണവാടി പ്രവർത്തിച്ചു വരുകയും ഭൂമിയുടെ ഉടമസ്ഥത പഞ്ചായത്തിന്റെയോ വകുപ്പിന്റെയോ പേരിലുള്ളതും നിയമനാധികാരിയായ ശിശു വികസന പദ്ധതി ഓഫീസർ മുൻപാകെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുമായ അപേക്ഷകരെ ഭൂമി ദാന ആശ്രിത നിയമനത്തിനായി പരിഗണിക്കേണ്ടതിനെ സംബന്ധിച്ച് സൂചന ( 2) പ്രകാരം സർക്കരിലേക്ക് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

ആയതിന് സൂചന (3) പ്രകാരം സർക്കാരിൽ നിന്നും ചുവടെ പറയും പ്രകാരം സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ട്.

1. ഭൂമിദാന ആശ്രിത നിയമന പദ്ധതി നിർത്തലാക്കിയ 29/01/2025നു മുൻപ് ശിശു വികസന പദ്ധതി ഓഫീസർ മുൻപാകെ ഭൂമിദാന ആശ്രിതനിയമനത്തിനായുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.
2. ബാലവാടിക്കായി ഭൂമി വിട്ടുനൽകിയ സ്ഥലത്ത് അങ്കണവാടി പ്രവർത്തിച്ചു വരികയും ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൻ്റെയോ വകുപ്പിന്റെയോ പേരിൽ ആകണം.

മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവിന് വിധേയമായി. ഭൂമിദാന ആശ്രിത നിയമന പദ്ധതി പ്രകാരം ബാലവാടികൾക്കായി ഭൂമി വിട്ടുനൽകി നിലവിൽ പ്രസ്തുത സ്ഥലത്ത് അങ്കണവാടി പ്രവർത്തിച്ചു വരുന്നതും ഭൂമിയുടെ ഉടമസ്ഥത പഞ്ചായത്തിന്റെയോ വകുപ്പിന്റെയോ പേരിലുള്ളതുമായവരുടെ ഭൂമിദാന ആശ്രിത നിയമനത്തിനായുള്ള അപേക്ഷകളിൻമേൽ സൂചന (3) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്